കേരള സർക്കാർ
<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- വനസംരക്ഷണം വനമിത്ര പുരസ്ക്കാരം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഇ) വകുപ്പ്

സ.ഉ.(എം.എസ്)നം: 89 /05/വനം. തിരുവനന്തപുരം. തീയതി: 14/10/2005

പരാമർശം:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 4.7.2005-ലെ എസ് ഡബ്ളിയു2- 405/05-ാം നമ്പർ കത്ത്.

<u>ഉത്തരവ്</u>

സർക്കാർ മറയൂരിൽ 22.4.2005-ന് സംഘടിപ്പിച്ച ചന്ദന സംരക്ഷണ സംഗമത്തിൽ വച്ച് കേരളത്തിലെ വനം-പരിസ്ഥിതി സംരക്ഷകർക്ക് വനമിത്ര പുരസ്ക്കാരം ഏർപ്പെടുത്തുവാനുള്ള തീരുമാനം പ്രഖ്യാപിക്കുകയുണ്ടായി. ഈ പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ സമർപ്പിച്ച വനമിത്ര പുരസ്ക്കാരത്തിന്റെ മാർഗ്ഗരേഖകളും നിബന്ധനകളും സർക്കാർ വിശദമായി പരിശോധിച്ചു

പ്രകൃതിയുടെ സംതുലനാവസ്ഥയെയും കാലാവസ്ഥ ഗതിവിഗതികളെയും നിർണ്ണയിക്കുന്നതിൽ വനങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. വനങ്ങളും പരിസ്ഥിതിയും സംരക്ഷിക്കുന്നതിന് സർക്കാരിന് മുഖ്യ പങ്കാണുള്ളതെങ്കിലും വനസംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ നടത്തുന്നതിന് സർക്കാരിതര സംഘടനകളുടെയും വ്യക്തികളുടെയും നിസ്വാർത്ഥ സേവനം കൂടിയേ തീരു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കും വ്യക്തികൾക്കും പ്രോത്സാഹനം നൽകുന്നതിനും കൂടുതൽ സംഘടനകളെയും വ്യക്തികളെയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള പുരസ്ക്കാരങ്ങൾ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. മാത്രമല്ല കൃഷി തുടങ്ങി മറ്റെല്ലാ മേഖലകളിലും പുരസ്ക്കാരങ്ങൾ ഉണ്ടെങ്കിലും വനത്തിന്റെയും പരിസ്ഥിയുടെയും സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് കേരള സർക്കാർ പുരസ്ക്കാരങ്ങളൊന്നും നൽകി വരുന്നില്ല.

ഈ സാഹചര്യത്തിൽ വനവൽക്കരണം, വനസംരക്ഷണം, പരിസ്ഥിതി സംരക്ഷണം വീട്ടുവളപ്പിലെ വനവൃക്ഷ സംരക്ഷണം എന്നീ മേഖലയിൽ 5 വർഷമെങ്കിലും സേവനമനുഷ്ഠിക്കുകയും ശ്രേഷ്ഠമായ സംഭാവനകൾ നൽകുകയും ചെയ്യുന്ന വ്യക്തികൾക്കും സംഘടനകൾക്കും നൽകുന്നതിനായി 'വനമിത്ര' പുരസ്ക്കാരം ഏർപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. താഴെപറയുന്ന മാർഗ്ഗരേഖകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിൽ ആയിരിക്കും വനമിത്ര പുരസ്ക്കാരം നൽകുന്നത്

1. പുരസ്ക്കാരം ഒരു സംഘടനക്കും മൂന്നു വ്യക്തികൾക്കും നൽകുക.
2. സംസ്ഥാനത്തെ രണ്ട് വനമേഖൽകൾക്കും പ്രത്യേക പുരസ്ക്കാരം നൽകും.
3. സംഘടനയ്ക്ക് രണ്ട് ലക്ഷം രൂപയും വ്യക്തികൾക്ക് 50000 രൂപ വീതവും നൽകും.
4. സർക്കാർ കാലകാലങ്ങളിൽ രൂപം നൽകുന്ന സമിതി പുരസ്ക്കാരം നിർണ്ണയിക്കും.

വനമിത്ര പുരസ്ക്കാരം നൽകുന്നതിനാവശ്യമായ 7 ലക്ഷം രൂപ ഫോറസ്റ്റ് പബ്ളിസിറ്റി ഹെഡിൽ നിന്നും ചെലവിടേണ്ടതാണ്.

ഗവണറുടെ ഉത്തരവ് പ്രകാരം
എൽ. രാധാകൃഷ്ണൻ
ഗവൺമെന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തിരുവനന്തപുരം.
ധനകാര്യ വകുപ്പ് 23.9.2005-ലെ (87066/അഗ്രി.ബ/05/ധന പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്)
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം